**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat khalifathullah Munir Ahmad Azim (A)**
**18 November 2016 (17 Safar 1438 Hijira)**

# Usury (Riba) / അന്യായപ്പലിശ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് അഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഇവ ഓതിയശേഷം **അന്യായപ്പലിശ** എന്ന വിഷത്തിലേക്ക് പ്രവേശിച്ചു

**വിശ്വസിച്ചവരെ, പല ഇരട്ടികളായി വർദ്ധിപ്പിക്കുന്ന പലിശ മുതൽ നിങ്ങൾ തിന്നരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനു വേണ്ടി**

**പലിശ മുതൽ ഭക്ഷിക്കുന്നവൻ സാത്താന്റെ അടിയേറ്റ് ഉന്മാദം ബാധിച്ച ഒരുവൻ എഴുന്നേല്ക്കുന്നതു പോലെയല്ലാതെ (പുനരുത്ഥാന നാളിൽ) എഴുന്നേല്ക്കുന്നതല്ല (2 :276)**

പലിശ തോത് നിശ്ചയിക്കുന്നത് പണത്തിന്റെ മൂല്യംകണക്കാക്കിയാണ്. പണം, കൊണ്ട് വാങ്ങാൻ കഴിയുന്നതിന്റെ വിലയും അതുപോലെ മറ്റു സാധനങ്ങളുടെ വിലകളും നിശ്ചയിക്കുന്നത് മാർക്കറ്റിലെ ആവശ്യവും വിതരണവും കണക്കാക്കിയാണ്. പണം തവണകളായി കറൻസി രൂപത്തിൽ നല്കുമ്പോൾ പലിശയും അതിന്റെ സ്രോതസ്സിൽ ഉണ്ടായിരിക്കും. നാം സാധനം വാങ്ങുമ്പോൾ വളരെ വലിയ പലിശ ചോദിക്കുന്നതിന്റെ രഹസ്യവും അതു തന്നെ. ഞാൻ പാരായണം ചെയ്ത വചനങ്ങൾ മാനവകുലത്തിനോടുള്ള ഒരു കല്പനയാണ് വിശിഷ്യ മുസ്ലീംകളോട് അമിതപ്പലിശ അഥവാ പലിശ അതിനെ ശക്തമായി അപലപിക്കുകും അത് പാടില്ലാ എന്ന് ഉത്ഘോഷിക്കുകയും ചെയ്യുന്നു. ആയതിനാൽ അമിതപ്പലിശയുമായി ബന്ധപ്പെട്ട ഏതു കൊടുക്കൽ വാങ്ങലായാലും ശരി അത് നിയമവിധേയമല്ല. അതോടൊപ്പം നിയമവിധേയമല്ലാത്ത മാർഗ്ഗത്തിലൂടെയുള്ള കൊടുക്കൽ വാങ്ങലുകൾക്കുള്ള ഉദാഹരണങ്ങളാണ്, കോഴകൊടുക്കലോ വാങ്ങലോ, കൃത്രിമം ചെയ്തുള്ള കൊടുക്കൽ വാങ്ങലുകൾ, ചൂതാട്ടം, ബാങ്ക് പലിശ തുടങ്ങിയവ. ഇസ്ലാമിക തത്വം അനുശാസിക്കുന്നത് നമ്മുടെ എല്ലാ ലാഭങ്ങളും നമ്മുടെ പ്രയത്നത്തിലൂടെയും ഉത്തരവാദിത്തങ്ങളിലൂടെയുമായിരിക്കണം എന്നാണ്.

**ഒരിക്കൽ ഒരു അനുചരൻ പ്രവാചകൻ (സ) യോട് താഴെകാണിക്കുന്ന ചോദ്യം ചോദിക്കുകയുണ്ടായി. അല്ലയോ പ്രവാചകരെ ! ഏറ്റവും പരിശുദ്ധമായ സമ്പാദ്യം ഏതാണ്? പ്രവാചകൻ (സ) മറുപടിയായി പറഞ്ഞു. താൻ അദ്ധ്വാനിച്ചുണ്ടാക്കുന്ന സമ്പാദ്യവും, സത്യസന്ധമായ കൊടുക്കൽ വാങ്ങലിലൂടെ നേടുന്നതും (അഹ്മദ്)**

ബദവികളായ അറബികൾ, പാവപ്പെട്ടവർക്ക് നല്കുന്ന വായ്പകളിൽ നിന്നും, വളരെ വലിയ തുക ഈടാക്കി ചൂഷണം ചെയ്തിരുന്നു. എന്നാൽ ഇസ്ലാം ആശ്ലേഷിച്ച് വളരെ പെട്ടെന്ന് തന്നെ ഈ സമ്പ്രദായം അവർ ഉപേക്ഷിക്കുകയുണ്ടായി. താഴെകാണുന്ന വെളിപാടിനെ തുടർന്നാണിത് സംഭവിച്ചത്.

**ഓ! വിശ്വസിച്ചവരെ! നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് (കിട്ടാൻ) ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുക ( 2:279)** അവർക്ക് ലഭ്യമാകേണ്ട അമിതപ്പലിശ, വേണ്ടെന്നു വെയ്ക്കുവാൻ അവർ തയ്യാറായി, അവർക്ക് ചിലപ്പോൾ സാമ്പത്തിക പ്രയാസം ഉണ്ടായിരുന്നെങ്കിൽപ്പോലും ! ഈ സമ്പ്രദായം (അമിതപ്പലിശ ഈടാക്കൽ) അവർ നിർത്തൽ ചെയ്തത് അല്ലാഹുവിന്റെ തൃപ്തികാംഷിച്ചു മാത്രമായിരുന്നു.

അമിതപ്പലിശാ സമ്പ്രദായം സാത്താൻ നമുക്കായി ഒരുക്കുന്ന നിന്ദ്യമായ ഒരു വഴിയാണ്. അല്ലാഹുവിന്റെ മുൻപിൽ നിന്ദ്യമായതെല്ലാം നമ്മുടെ മുൻപിലും നിന്ദ്യമായതായിരിക്കണം. നമുക്ക് കഴിയുന്ന എല്ലാ നല്ല കാര്യങ്ങളും ചെയ്യാം. അപ്പോൾ അല്ലാഹു നമ്മെ പറ്റി സംതൃപ്തനാകും. നമ്മുടെ മുതലിലും സാമ്പത്തിക ഉറവിടങ്ങളിലും അവൻ അനുഗ്രഹം ചൊരിയും. അമിതപ്പലിശയിൽ നിന്നും നമ്മെ അവൻ നീക്കം ചെയ്യും. അവന്റെ ദൃഷ്ടിയിൽ വെറുക്കപ്പെട്ട എല്ലാത്തിൽ നിന്നും നമ്മെ അകറ്റുന്നതാണ്. ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**